പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : T.3366**

**20.06.2018 ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടിയിൽ എം.എ.സി.ടി കോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കൊയിലാണ്ടി സബ്കോടതിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എം. എ. സി. ടി. കോടതി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും 17/04/12 ലെ സ.ഉ.(സാധാ) നം.1159/12/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ മുൻഗണനാലിസ്റ്റിൽ കോഴിക്കോട് എം.എ.സി.റ്റി 13-ാം മതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എം.എ.സി.റ്റി. ഉൾപ്പെടെയുള്ള കോടതികൾ സ്ഥാപിക്കുന്ന കാര്യം സംബന്ധിച്ച വസ്തുത വിശകലനം നടത്തി കോടതികൾ ആരംഭിക്കുന്നതിന് വിശദമായ റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും ആരാഞ്ഞിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) കോടതിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (സി) പ്രസ്തുത കോടതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ